11

# പ്രാർത്ഥന എന്തല്ല ...

പ്രാർത്ഥനയിൽ ദൈവത്തെ കുറിച്ചും, വിശ്വാസത്തെ കുറിച്ചും, ജീവിതത്തെ കുറിച്ചുമുള്ള നമ്മുടെ മുഴുവൻ ആശയവും ഉൾപ്പെട്ടിരിക്ക കൊ്, അതിനെ ഒരു സമ്പ്രദായത്തിലേക്കോ അല്ലെങ്കിൽ സിദ്ധാന്തത്തിലേക്കോ ചുരുക്കരുത്. ഈ പാഠങ്ങൾക്ക് ഉത്തരങ്ങളെക്കാൾ കൂടുതൽ ചോദ്യങ്ങളാണുള്ളത്. അവ ആഴത്തിലുള്ളത് ഉാകുവാനാണ് പ്രേരിപ്പിക്കുന്നത്, അല്ലാതെ അതിഭാവുകത്വത്തെ അല്ല. അവയ്ക്ക് വികാരത്തെക്കാൾ ചിന്തയാണ് കൂടുതൽ ആവശ്യം. പ്രാർത്ഥനയെ സംബന്ധിച്ച സത്യം, ഒരുപക്ഷെ, പ്രാർത്ഥന *എന്താണ്* എന്നുള്ളതിനേക്കാൾ കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നത് പ്രാർത്ഥന എ*ന്തല്ല* എന്നതിലാണ്. പ്രാർത്ഥന എന്തല്ല എന്ന് നാം ദിവസവും ഓർമ്മിക്കണം, അല്ലെങ്കിൽ നാം ചിലപ്പോൾ പ്രാർത്ഥനയെ വിഡ്ഢിത്തമായി ഉപയോഗിക്കും.

*പ്രാർത്ഥന അത്യാവശ്യമായി മാത്രം ഉപയോഗിക്കേതല്ല,* അവസാന അത്താണിയായും ഉപയോഗിക്കരുത്. അവസാന അഭയമായിട്ടല്ല ദൈവത്തെ കാണേത്! സാഹസികതയിലേർപ്പെടുന്ന പൈലറ്റുമാർ ബുദ്ധിപരമായി പാരച്യൂട്ടുകൾ ധരിക്കും, എങ്കിലും അവർ അത് ഉപയോഗിക്കുവാൻ ആഗ്രഹി*ക്കുന്നില്ല*! പാരച്യൂട്ട് അവസാന ആശ്രയമായി ഉപയോഗിക്കേതാണ്. എന്നാൽ പ്രാർത്ഥന അവസാനത്തേതല്ല, ആദ്യം വരേ ചിന്തയാണ്. വിപത്തിനോടു കാണിക്കുന്ന കപടമായ പ്രതികരണത്തേക്കാൾ അധികമായിരിക്കണം നമ്മുടെ പ്രാർത്ഥനകൾ. നിങ്ങൾ അപേക്ഷിക്കുന്ന ദൈവത്തിന്റെ പിന്നിൽ ഒരു വിഗ്രഹം ഒളിഞ്ഞിരിക്കുകയാണോ? പ്രാർത്ഥന എന്നത് ശരിയായ ദൈവത്തോട് ശരിയായി യാചിക്കുന്നതാണ്. മറുപടി ലഭിച്ച പ്രാർത്ഥനയുടെ ഏറ്റവും വലിയ അനുഗ്രഹം നിങ്ങൾ യാചിച്ചത് ലഭിക്കുന്നതല്ല, എന്നാൽ ദൈവം പ്രവർത്തിക്കുന്നത് കാണുന്നതാണ്. നാം നന്നായി പ്രാർത്ഥിക്കുവാൻ ദൈവത്തെ അറിയണമെന്നില്ല ... എന്നാൽ ദൈവത്തെ നന്നായി അറിയുവാൻ നാം ശരിയായി പ്രാർത്ഥിക്കേതു്! ജീവിക്കുക എന്നാൽ പ്രാർത്ഥിക്കുക എന്നതാണ്. നിങ്ങൾ പ്രാർത്ഥിച്ചുകൊാണ് പ്രാർത്ഥിപ്പാൻ ശീലിക്കുന്നത്. അതുകൊ്, പ്രാർത്ഥന, മാനസിക സമാധാനം നൽകുന്നതാണ് അല്ലാതെ സാങ്കേതിക തൃപ്തിയല്ല. ആരും ഒരിക്കലും പ്രാർത്ഥനയിൽ നന്നാകുന്നില്ല. വിരോധാഭാസമെന്നു തോന്നാം, ഒരാൾ കൂടുതൽ പ്രാർത്ഥിക്കുന്തോറും, അവനു തന്റെ പ്രാർത്ഥനകളിൽ തൃപ്തിക്കുറവുാകുന്നു. വാസ്തവത്തിലുള്ള പ്രാർത്ഥന നമ്മെ താഴ്ത്തുന്നു അതൊരിക്കലും ആത്മീയമായി ഞാൻ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണ് എന്ന് ചിന്തിപ്പിക്കുകയില്ല. ഒരാൾ പ്രാർത്ഥനയെ കുറിച്ച് പുസ്തകമെഴുതി എന്നതുകൊ് അയാൾക്ക് എങ്ങനെ പ്രാർത്ഥിക്കണമെന്ന് അറിയാം എന്നർത്ഥമാകുന്നില്ല. ഞാൻ എഴുതിയിട്ടുള്ള എല്ലാ പഠനങ്ങളിലും വെച്ച്, ഇതാണ് ഏറ്റവും വിഷമം പിടിച്ചത്.

*പ്രാർത്ഥന കൂടിയാലോചന അല്ല.* നിസ്സഹായരായ ആളുകൾക്ക് ദൈവസഹായത്തെ പ്രതീക്ഷിക്കുവാൻ യാതൊരു അടിസ്ഥാനവുമില്ല. നിങ്ങൾ ദൈവവുമായി കുതിര-വ്യാപാരം നടത്തുകയല്ല. ഒരാൾ പ്രാർത്ഥനയിൽ ദൈവ

ത്തോടു പറഞ്ഞു, ഞാൻ ഒരിക്കലും അധികം വേണമെന്നു പറഞ്ഞിട്ടില്ല! അത് പ്രാർത്ഥനയെ സംബന്ധിച്ച തെറ്റിദ്ധാരണയാണ്. ദൈവം നമ്മെ അനുഗ്രഹിക്കുവാനും, നമുക്കു നൽകുവാനും ആഗ്രഹിക്കുന്നു. അവൻ നമ്മുടെ ദൈനന്തിന ജീവിതത്തിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നു. അവൻ മടിക്കുന്നവനല്ല. മറ്റുള്ളവർ, അത്യാവശ്യം വരുമ്പോൾ, ദൈവത്തോട് വാഗ്ദാനം ചെയ്യും, ദൈവമേ നീ അതു ചെയ്താൽ ഞാൻ ഇതു ചെയ്യാം. തടവുകളിലും, ആശുപത്രികളിലും, സെമിത്തേരികളിലും നടത്തുന്ന വാഗ്ദാനങ്ങൾ അപൂർവ്വമായിട്ടേ പാലിക്കപ്പെടാറുള്ളൂ. നാം മറ്റൊരു വിനാശകരമായ തെറ്റു ചെയ്യുന്നു: ദൈവത്തിന് ചില പ്രാർത്ഥനകൾ വലുതായും മറ്റു ചിലത് ചെറുതായും ഇരിക്കുന്നുവെന്ന് നാം കരുതുന്നു. ദൈവത്തിന് ഒന്നും ചെറുതോ അല്ലെങ്കിൽ വലുതോ അല്ല.

*പ്രാർത്ഥന ഒരു അത്ഭുതമല്ല.* ഒരു ദിവസത്തെ അത്ഭുതത്തിന് സാത്താനെ അകറ്റി നിർത്താൻ ആവുകയില്ല. വിശ്വാസം ലോകത്തെ ജയിക്കുന്നു. കൊടുങ്കാറ്റിനിടയിൽ, അപ്പൊസ്തലന്മാർ യേശുവിനെ വിളിച്ചു കരഞ്ഞു! അവരുടെ അവിശ്വാസത്തെ കുറിച്ചു യേശുവിനു എപ്പോഴും അതിശയമായിരുന്നു. അവൻ പന്തിരുവരെ അല്പവിശ്വാസികളെ എന്നു പറഞ്ഞാണ് ശാസിച്ചിരുന്നത്! (മത്തായി 14:31; മുതലായവ). നമ്മുടെ പ്രവർത്തികൾക്കോ, പരിശ്രമത്തിനോ, അല്ലെങ്കിൽ ജീവിതത്തിനോ പകരമല്ല പ്രാർത്ഥന. പ്രാർത്ഥന ദൈവത്തെ ഉപയോഗിക്കൽ അല്ല അത് കൃത്യനിർവ്വഹണത്തിനായി വിവരം ധരിപ്പിക്കൽ ആണ്. അതിനുശേഷം നാം എല്ലാവരും സന്തോഷത്തോടെ ജീവിക്കുമെന്ന കെട്ടുകഥയല്ല പ്രാർത്ഥന. പ്രാർത്ഥന യുദ്ധവും, പോരാട്ടവും, മാറ്റവുമാണ്. ആത്മാവിന്റെ കളരിയാണ് പ്രാർത്ഥന. ദൈവത്തോട് ചോദിച്ചത് കിട്ടാതിരുന്നതിന് ബഹളം വയ്ക്കുന്നത് ദുരഹങ്കാരമാണ്; വിരളമായി ചോദിക്കുന്നത് അവിശ്വാസമാണ്. *ര ു ം* തെറ്റാണ്.

*പ്രാർത്ഥന ഒരിക്കലും നിഗളമല്ല.* പ്രാർത്ഥന നിസ്സഹായതയാണ്. ദൈവത്തിൽ ശിശുവിനെ പോലെ ആശ്രയിക്കുന്നതാണ് ആത്മീയതയുടെ സത്ത. എല്ലായ്പ്പോഴും ചോദിക്കുന്നത് കിട്ടുന്നതിൽ അഭിമാനിക്കുന്ന ആളുകൾ എന്നെ ഭയപ്പെടുത്താറു്. പ്രാർത്ഥന ആരെയെങ്കിലും ഉയർന്നതെന്ന് തോന്നിപ്പിക്കുമെങ്കിൽ, അയാൾ പ്രാർത്ഥിച്ചിട്ടില്ല! ആരും അതിൽ നന്നാകുന്നില്ല. അതിൽ നിഗളിക്കുന്നത് അത് നഷ്ടമാക്കുകയാണ്. പ്രാർത്ഥനയിൽ പർവ്വതത്തിന്റെ മുകളിലേക്ക് തുടർച്ചയായി എത്തുന്ന അനുഭവങ്ങൾ ബൈബിൾ നൽകുന്നില്ല. പ്രാർത്ഥന, അക്ഷരീകമായി, നാം ദൈവത്തെ വിളിക്കൽ മാത്രമല്ല ... പ്രാർത്ഥന നമ്മെ വിളിക്കുവാൻ ദൈവത്തെ അനുവദിക്കുന്നതാണ്. പ്രാർത്ഥനയും നിഗളവും കൂട്ടികലർത്താതിരിക്കുക.

*പ്രാർത്ഥന കീഴടങ്ങലുമല്ല!* ചിലർ പ്രാർത്ഥിക്കുന്നതു, ഒന്നും ഒരിക്കലും പ്രതീക്ഷിച്ചു കൊല്ല, കാരണം അതൊരു കൽപനയാണ്. നിങ്ങൾ അതു വിശ്വസിക്കുന്നില്ലെങ്കിൽ, അതിനുവേ പ്രാർത്ഥിക്കരുത്! പ്രാർത്ഥന മറ്റുള്ളവർക്കു മീതെ–ഉയർന്നവരെന്നു ഭാവിക്കുന്ന ശക്തരായ–വിശുദ്ധന്മാരുടെ ദാനമല്ല, മറിച്ച് വിശ്വാസികളുടെ ജന്മാവകാശമാണ്! പ്രാർത്ഥിച്ചിട്ട് എഴുന്നേറ്റു, അത് എനിക്ക് ഫലമുാക്കുകയില്ല എന്നു പറയുന്നതു വിശ്വസ്തതയില്ലായ്മയാണ്. ദൈവം വിശ്വസ്തനാണ്. അവനു എല്ലാം സാധ്യമാണ്. പ്രാർത്ഥന ദൈവത്തെ കുമുട്ടുന്നതാണ്. ഞാൻ ദൈവത്തിന്റെ വിശ്വസ്തതയിൽ ഉറച്ചിരിക്കുന്നു, എന്നു പറയുന്നതാണ് പ്രാർത്ഥന. ഒന്നുകിൽ നിങ്ങൾക്ക് ദൈവം

ചെയ്യാതിരുന്നതിൽ നോക്കാം, ഉദാഹരണമായി, അല്ലെങ്കിൽ നിങ്ങൾക്ക് അവൻ ചെയ്തതിൽ നോക്കാം. ദൈവത്തിന്റെ വലിയ ജ്ഞാനത്തിൽ മനുഷ്യ പ്രാർത്ഥനക്കു അനുസരിച്ച് കാര്യങ്ങൾ സംഭവിക്കേതിന് അവൻ സ്ഥലം ഒരുക്കിയിട്ടു്. അത് വിശ്വസിക്കുക. അത് ഉപയോഗിക്കുക.

**************

# ആത്മാവിൽ പ്രാർത്ഥിക്കൽ

## എഫെസ്യർ 6:18; യൂദാ 20

*സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, ... (എഫെസ്യർ 6:18).*

നിങ്ങളോ, പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കുതന്നെ ആത്മീകവർദ്ധന ധപണിയുകപ വരുത്തിയും; പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും ഇരിപ്പിൻ (യൂദാ 20).

അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു; വേും പോലെ പ്രാർത്ഥിക്കേത് എന്തെന്ന് നാം അറിയുന്നില്ലല്ലോ, ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേി പക്ഷവാദം ചെയ്യുന്നു (റോമർ 8:26).

ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും, നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും, അറിയുന്നില്ലയോ? (1 കൊരിന്ത്യർ 6:19).

എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് ; എന്ന മറ്റൊരു കാര്യസ്ഥനെ [സഹായി], എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേതിന്നു നിങ്ങൾക്കു തരും, ... (യോഹന്നാൻ 14:16, 17).

സത്യത്തിന്റെ ആത്മാവ്, വരുമ്പോഴോ, അവൻ നിങ്ങളെ, സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും, ... അവൻ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും; ... (യോഹന്നാൻ 16:13, 14).

രു അടിസ്ഥാന പ്രശ്നങ്ങൾ സഭയെയും ലോകത്തെയും നശിപ്പിക്കും: ബൈബിൾപരമായ അജ്ഞതയും മതപരമായ അപക്വതയും. ബൈബിൾ പരിജ്ഞാനം ഒഴിച്ചുകൂടാനാവാത്ത ആവശ്യമാണ്; അതിൽ പക്വത നിർബ്ബന്ധമായതാണ്. അവിടെ ഒരു പരിശുദ്ധാത്മാവു്. അവൻ അത് എന്നതോ

ഒരു ഭൂതമോ അല്ല. അവൻ ദൈവികത്വത്തിലെ മൂന്നാമത്തെ വ്യക്തിയാണ്. ക്രിസ്ത്യാനികൾ ആത്മാവിൽ ജീവിക്കുന്നു. ക്രിസ്ത്യാനികൾ ആത്മാവിൽ പ്രാർത്ഥിക്കുന്നു. അതു നമ്മുടെ ചിന്തയും പരിശീലനവും ആവശ്യപ്പെടുന്നു. പരിശുദ്ധാത്മാവിനെ ഉപേക്ഷിക്കരുത്, അറിയാതിരിക്കരുത്, ദുർവിനിയോഗിക്കയുമരുത്. പരിശുദ്ധാത്മാവ് മരിച്ച ഒരു മൃതദേഹമല്ല അല്ലെങ്കിൽ ചിത്തഭ്രമമുള്ള വിശുദ്ധ വൈറ്റസ് ഡാൻസിനെ പോലെയുമല്ല. ആ സത്യം നാം ഗൗരവമായി പഠിക്കുവാൻ നമ്മെ തന്നെ സമർപ്പിക്കണം.

**തെറ്റിദ്ധാരണകൾ**

ആത്മാവിനു ചുറ്റും ഇന്നു ധാരാളം തെറ്റിദ്ധാരണകൾ നിലവിലുï.

(1) *വ്യാജമായ ആത്മീയത.* ഒരു പ്രതികാരത്തോടുകൂടി ആത്മീയത തിരിച്ചു വന്നിരിക്കുന്നു. മതം സജീവമാണ്, എന്നാൽ അതു ബൈബിൾ അനുസാരമാണോ? ആത്മിയത എളുപ്പത്തിൽ വ്യാജം ആകുവാൻ സാധ്യതയുï. നമ്മിൽ മിക്കപേരും എളുപ്പത്തിൽ കബളിപ്പിക്കപ്പെടാറുï. യേശു ഇതിനെ രസകരമായി മത്തായി 6-ൽ പറയുന്നുï. മനുഷ്യർ തങ്ങളുടെ ദാനങ്ങളെ കാഹളം ഊതി കൊട്ടി ഘോഷിച്ചു! അവർ ജനക്കൂട്ടത്തിൽ ശബ്ദമുയർത്തി ദീർഘമായി പ്രാർത്ഥിച്ചു! അവർ ഉപവസിക്കുന്നവരാണെന്നു കാണിക്കുവാൻ മുഖത്തെ വികൃതമാക്കി! എത്ര അല്പത്വം! എന്നാലും, അവർ വിജയിച്ചു! യേശു പറഞ്ഞു, അവർക്കു പ്രതിഫലം കിട്ടിപ്പോയി.

തീർച്ചയായും, ആത്മിയത പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടിരിക്കണം! ആത്മാവു കൂടാതെ ഒരാൾക്ക് ആത്മീയനാകുവാൻ സാധ്യമല്ല! നിസ്സഹായതയിൽനിന്നാണ് ആത്മിയത വരുന്നത്. ദൈവത്തെ ആശ്രയിച്ചാണ് ആത്മിയതയുടെ സത്തയിരിക്കുന്നത്. പ്രകടനം എന്നപോലെ ആകുന്നതുവരെ ക്രിസ്ത്യാനിത്വം മനോഹരമാണ്!

(2) *വ്യാജമായ ഒരു പരിശുദ്ധാത്മാവ്.* പരിശുദ്ധാത്മാവുന്നെു അവകാശപ്പെടുന്ന പലരും ബൈബിൾപരമായി ജ്ഞാനമില്ലാത്തവരും ബുദ്ധിശൂന്യമായി പ്രവർത്തിക്കുന്നവരുമാണ്. പരിശുദ്ധാത്മാവു വചനപ്രകാരവും അർത്ഥപൂർണ്ണവുമായതാണ്. അവനെ അർത്ഥമില്ലാത്തതായി താഴ്ത്തരുത്. പരിശുദ്ധാത്മാവിനു പ്രാധാന്യം കൊടുക്കുന്ന ആരെയും സൂക്ഷിക്കുക. ആത്മാവിനു ബൈബിളിൽ പേർ പോലുമില്ല. അവൻ രംഗത്തിനു-പിന്നിൽ-ഉള്ള ദൈവികത്വത്തിലെ ഒരംഗമാണ്. അവൻ യേശുവിനെ ആദരിച്ചുകൊു ദൈവത്തെ പ്രസാദിപ്പിക്കുവാൻ മാത്രമാണ് ജീവിക്കുന്നത്. അവനു ഇന്നു ലഭിക്കുന്ന എല്ലാ ആകർഷണങ്ങളിലും പരിശുദ്ധാത്മാവ് ലജ്ജിക്കുന്നുാകും. വചനത്തെ നിഷേധിക്കുന്നതും വചനത്തിനു വിപരീതമായതുമായ അവകാശങ്ങൾ പരിശുദ്ധാത്മാവിനെ കുറിച്ചു പറയുന്നവരെ സൂക്ഷിക്കുക. ബൈബിളിനെ ദൈവശ്വാസിയമാക്കിയത് ആത്മാവാണ് (2 പത്രൊസ് 1:20, 21); അവൻ അതിനെ തരം താഴ്ത്തുവാനോ അതിനെ വൈപരീത്യമുള്ളതാക്കുവാനോ ഒന്നും പറയുകയോ ചെയ്യുകയോ ഇല്ല. ആഴത്തിലുള്ള ബൈബിൾ പഠനം കൂടാതെ ആത്മാവിനെ ആഗ്രഹിക്കുന്നവരെ സൂക്ഷിക്കുക.

(3) *വ്യാജമായ ആത്മിയ ശക്തി.* പലരും ഇന്നു പരിശുദ്ധാത്മാവിനെ ഉപയോഗിച്ച് ധാർമ്മികമല്ലാത്ത ശക്തി അവകാശപ്പെടുന്നുï. ആകാശത്തുനിന്നു പണം വീഴുന്നു; എല്ലാ രോഗവും സൗഖ്യമാകുന്നു; അവർ വിജയത്തിൽ നിന്നു വിജയത്തിലേക്കു കുതിക്കുന്നു. അതൊന്നും ജീവിതമോ ആത്മാവോ അല്ല.

പ്രാർത്ഥന നിസഹായതയാണ്. അതുകൊ ാണ് യഥാർത്ഥമായ പ്രാർത്ഥന അസാധാരണമാകുന്നത്. ആത്മാവിനാൽ നിങ്ങൾ വ്യക്തിപരമായ മഹത്വം അന്വേഷിക്കുന്നു എങ്കിൽ, നിങ്ങൾക്കു തെറ്റിപ്പോയി! വ്യക്തിപരമായ അത്ഭുതങ്ങൾക്കും, വ്യക്തിപരമായ ശക്തി ലഭിക്കുന്നതിനും, നന്നായി അറിയപ്പെടുന്നതിനും വേി പരിശുദ്ധാത്മാവിനെ ഉപയോഗിക്കുന്നതു തെറ്റാണ്. ആത്മാവ് നിറഞ്ഞവരാകുവിൻ എന്നു പൗലൊസ് കല്പിച്ചിരിക്കുന്നു (എഫെസ്യർ 5:18). ആത്മാവിൽ സ്നാനം ഏല്ക്കുവാൻ നമ്മോടു കല്പിച്ചിട്ടില്ല. പരിശുദ്ധാത്മ സ്നാനം നമ്മിൽ നിലനില്ക്കേതിന്നു അല്ലെങ്കിൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കേതിനു, നമ്മോട് പറഞ്ഞിരിക്കുന്നതു ആത്മാവു നിറഞ്ഞവരാകുവിൻ എന്നാണ്. നാം അനുസരിക്കേ ഒരു കല്പനയാണ് അത്. ആ കല്പന ആജ്ഞാരൂപത്തിലാണ് നല്കിയിരിക്കുന്നത്: നിങ്ങൾ നിറയുവിൻ. അതു ക്രിയാശൂന്യശബ്ദത്തിലാണ്: ആത്മാവ് നിങ്ങളിൽ നിറയട്ടെ. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നാം ഒരു ഗ്ലാസോ ബക്കറ്റോ നിറയ്ക്കുന്നതുപോലെ ആത്മാവിനെ നിറക്കുകയല്ല ചെയ്യുന്നത്. പരിശുദ്ധാത്മാവ് നമ്മിൽ ആവസിക്കുകയാണ്. നാം നമ്മെത്തന്നെ ഉപേക്ഷിക്കുമ്പോൾ (വിട്ടുകളയുമ്പോൾ), ആത്മാവ് നമ്മെ അനുഗ്രഹിക്കുമാറാക്കുന്നു. ഒന്നുകിൽ നാം നമ്മെ സാത്താനേൽപ്പിക്കും അല്ലെങ്കിൽ ആത്മാവിനെ ഏൽപിക്കും.

(4) *വ്യാജമായ, ബാലിശതോന്നലുകൾ.* വ്യാജതോന്നലുകളും ക്രിസ്തുവിൽ ശിശുക്കളായവരും ആത്മീകരല്ല ജഡികരാണ് (1 കൊരിന്ത്യർ 3). ഗ്രഹിക്കാൻ പറ്റാത്തതല്ല ആത്മാവ്, അതായത്, ശിശുക്കൾക്കുാകുന്ന പരിഭ്രമം നിറഞ്ഞതുമല്ല. അപ്പൊസ്തലന്മാരെ സകല സത്യത്തിലും ആത്മാവ് വഴിനടത്തും എന്നാണ് യേശു പറഞ്ഞത് (യോഹന്നാൻ 13:17). ആ വചനം മുഖാന്തരം, ലോകം പാപത്തെ കുറിച്ചും, നീതിയെ കുറിച്ചും, ന്യായവിധിയെകുറിച്ചും അറിയും (യോഹന്നാൻ 16:7–11). അപ്പൊസ്തലന്മാർക്ക് യേശു എന്തായിരുന്നുവോ, അതാണ് നമുക്ക് ആത്മാവും. മനസ്സിനെ നവീകരിക്കുന്നതിൽ നിന്നാണ് പക്വത വരുന്നത് (റോമർ 12:1, 2). വലിയ പരസ്യക്കാർ അത്യുച്ചത്തിൽ പറയും, യേശു ആകുന്നു ഉത്തരം. *എന്തിന്?* യേശു അവകാശപ്പെട്ടത് താൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു എന്നാണ് (യോഹന്നാൻ 14:6).

ദൈവത്തിന്റെ അവസാന വാക്കാണ് ബൈബിൾ. നാം ഈ സത്യം മറക്കരുത്. *എന്റെ* കരുണയിൽ അല്ല ബൈബിൾ ഉള്ളത്. ബൈബിൾ എന്നോടു പറയുന്നു, എന്ന് പറയുന്നത് തെറ്റാണ്. ബൈബിൾ പറയുന്നതു *കാലത്തെ*യാണ്! ദൈവത്തിന്റെ സഭ ഒരു സർക്കസ് അല്ല. ആത്മാവ് വിസ്മയകരമായ ഒന്നും ചെയ്യുന്നില്ല. വ്യക്തിപരമായ അനുഭവങ്ങൾ, അതെത്ര വലുതായാലും, ബൈബിളുമായി അതിനെ തുലനം ചെയ്യാവുന്നതല്ല. അത് പൂർണ്ണവും അന്തിമവുമാണ്.

(5) *വ്യാജമായ ശക്തി.* ആത്മാവ് നമ്മുടെ ശക്തിയാണ്, എന്നാൽ അത്തരം സൂചനയെ എളുപ്പത്തിൽ തെറ്റായി ഉപയോഗിക്കാൻ സാധ്യതയു്. സ്വന്തം ആവശ്യത്തിനു ശക്തി നേടുവാൻ ശ്രമിക്കുന്നത് ഇന്ദ്രജാല പ്രവൃത്തിപോലെയാണ്. ഇന്ദ്രജാലമല്ലെങ്കിൽ മന്ത്രവാദം തെറ്റാണ്, കാരണം ശക്തിയുള്ള വ്യക്തിയെ കൂടാതെ അമാനുഷ ശക്തി ആഗ്രഹിക്കുന്നവനാണ് ഇന്ദ്രജാലക്കാരൻ. ദൈവവുമായി ഒരു വ്യക്തിപരമായ ബന്ധം കൂടാതെയുള്ള ശക്തി തെറ്റാണ്. ആത്മാവ് ഒരു വ്യക്തിയാണ്; അവനെ നാം ഒരു പ്രദർശനമാക്കി ചുരുക്കരുത്.

**വസ്തുതകൾ, വസ്തുതകൾ, അധിക വസ്തുതകൾ**

നാം മൂന്നു കാരണങ്ങൾ കൊ് ആത്മാവിൽ പ്രാർത്ഥിക്കുന്നു:

(1) അത് പ്രാർത്ഥനയെ യാന്ത്രികതയിൽ നിന്ന് ഉയർത്തുന്നു. നമുക്ക് മതത്തിൽ മികവുള്ളവനാകുവാനും ആത്മാവിൽ മരിച്ചവനാകുവാനും കഴിയും. പ്രാർത്ഥന മഹത്തായതാണ് കാരണം അതു വെളിപ്പെടുത്തുവാൻ പിതാവിനെയും, പരിശീലിക്കുവാൻ പുത്രനെയും, നമ്മെ അതിനു പ്രാപ്തനാക്കുവാൻ പരിശുദ്ധാത്മാവിനെയും ആവശ്യമാണ്. പ്രാർത്ഥന ഒന്നുകിൽ യാന്ത്രികമാണ് അല്ലെങ്കിൽ ആത്മികമാണ് അല്ലാതെ രും ആകുവാൻ സാധ്യതയില്ല.

വഴികാട്ടലിനായി നാം ദൈവത്തോട് യാചിക്കുമ്പോൾ, അവൻ നമ്മോടു പറയും, നിന്റെ ജീവിതം എനിക്ക് നൽകുക. അത് യാഥാർത്ഥ്യവും, മുൻഗണനയുമാണ്. പ്രത്യേകമായ പ്രശ്നങ്ങളിൽ, വേറിട്ട് വഴികാട്ടുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. ദൈവം നമ്മുടെ ജീവിതങ്ങളെ ആവശ്യപ്പെടുന്നു. പ്രത്യേക മേഖലകളിൽ നമുക്ക് പ്രശ്നമു് കാരണം നമ്മുടെ ജീവിതം മുഴുവനായി അവനു കൊടുപ്പാൻ നമുക്ക് മനസ്സില്ല.

ആത്മാവിന്റെ പ്രമാണത്തെ വിട്ടുകളഞ്ഞ് അക്ഷരത്തിന്റെ നിയമത്തെ പാലിക്കുവാൻ ശ്രമിക്കുന്നത് എളുപ്പമാണ്. ചിലർ സാത്താനേക്കാൾ പരിശുദ്ധാത്മാവിനെ പോലും ഭയപ്പെടുന്നു്! ആത്മീയ പ്രാർത്ഥന ചിന്തയും ആഴവും ആവശ്യപ്പെടുന്നു. അധികം പേരും ചിന്തക്ക് തിരഞ്ഞെടുക്കുന്നത് മൃദുലമായ ഉത്തരങ്ങളാണ്. ചിന്തയിൽ തീരുമാനങ്ങളും ഉൾപ്പെടുന്നു. ആഴം ആവശ്യപ്പെടുന്നത് അനുഭവത്തിൽ നിന്നുള്ള വളർച്ചയാണ്. നമ്മിൽ കുറച്ചു പേരേ അത്രത്തോളം എത്തിയിട്ടുള്ളൂ. വികാരം വചനപ്രകാരമുള്ളതാണ്; എന്നാൽ വികാരാധീനരാകുക എന്നത് വചനപ്രകാരമല്ല. നാം വികാരത്തെ ഒരിക്കലും ഭയപ്പെടരുത്. ആത്മാവിൽ പ്രാർത്ഥിക്കുന്നത് പ്രാർത്ഥനയെ യാന്ത്രിക പ്രാർത്ഥനാക്രമത്തിൽ നിന്ന് വ്യക്തിപരമായ ആത്മീയതയിലേക്ക് ഉയർത്തുന്നു.

(2) എങ്ങനെ പ്രാർത്ഥിക്കണമെന്ന് നമുക്കറിയില്ല (റോമർ 8:26). ഞാൻ കൂടുതൽ കാലം ജീവിക്കുന്തോറും, എന്റെ അറിവ് എത്ര കുറവാണ് എന്ന് കൂടുതൽ അറിയുവാൻ എനിക്കു സാധിക്കുന്നു. ഞാൻ കുട്ടിയായിരുന്നപ്പോൾ, എനിക്ക് ഒരു ബോധവും ഇല്ലായിരുന്നു എന്നാൽ അന്ന് എനിക്കത് അറിയില്ലായിരുന്നു! ഇപ്പോൾ എനിക്ക് പ്രായമായി, എനിക്ക് അറിവില്ലായിരുന്നു എന്ന് അറിയാം! നമ്മുടെ ബലഹീനതയിൽ പരിശുദ്ധാത്മാവ് തുണനിൽക്കുന്നു. വിജയകരമായ ക്രിസ്തീയ ജീവിതത്തെ കുറിച്ചുള്ള അദ്ധ്യായമാണ് റോമർ 8. ഉപകരണം ദൈവത്തിന്റെ ആത്മാവാണ്. ആത്മാവ് നമ്മുടെ ജീവിതത്തിൽ ഉടനീളം ഉൾപ്പെടുന്നു എന്നാണ് റോമർ 8 നമ്മെ പഠിപ്പിക്കുന്നത്. അതിനർത്ഥം അവൻ നമ്മുടെ പ്രാർത്ഥനയിൽ ഉടനീളം ഉൾപ്പെടുന്നു എന്നാണ്. നാം ദൈവത്തോടു പ്രാർത്ഥിക്കുന്നത് ക്രിസ്തുവിന്റെ ആത്മാവിൽ ഉള്ള അധികാരത്താലാണ്! പരിശുദ്ധാത്മാവിന്റെ മുഖ്യപ്രവർത്തി നമ്മെ രൂപാന്തരപ്പെടുത്തൽ ആണ് എന്ന് റോമർ 8 പഠിപ്പിക്കുന്നു. ക്രൂശിനരികിലെ അപ്പൊസ്തലന്മാർ ഭീരുക്കൾ ആയിരുന്നുവെങ്കിൽ പെന്തെക്കൊസ്തുനാളിൽ അവർ ഗർജ്ജിക്കുന്ന സിംഹങ്ങളായി തീർന്നു. നല്ല അന്തരീക്ഷമോ അല്ലെങ്കിൽ ക്രിയാത്മക ചിന്തയോ അല്ല വ്യത്യാസം വരുത്തിയത്. വ്യത്യാസം ആത്മാവായിരുന്നു. അവരെ മാറ്റിയത് ആത്മാവാണ്. ആ വസ്തുത ഒഴിച്ചുനിർത്താവുന്നതല്ല: നമ്മളിൽ മിക്ക

പേർക്കും നമ്മുടെ ജീവിതത്തിൽ വളരെ കുറച്ചു ശക്തി അല്ലെങ്കിൽ സന്തോഷം മാത്രമേയുള്ളൂ. ആത്മാവ് അവന്റെ വചനം മുഖാന്തരം നമുക്ക് ധൈര്യവും സന്തോഷവും നൽകുന്നു. നാം ദൈവത്തിന്റെ മക്കളാണ്; നാം അനാഥരെ പോലെ ജീവിക്കരുത്! ആത്മാവ്-നിറഞ്ഞ ജീവിതങ്ങൾ ജീവിതങ്ങളെയും കുടുംബങ്ങളെയും മാറ്റും.

(3) പരിശുദ്ധാത്മാവ് നമുക്കുവേി പക്ഷവാദം ചെയ്യുന്നു. റോമർ 8:26, 27 പറയുന്നു,

> അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതക്കു തുണ നിൽക്കുന്നു; വേും പോലെ പ്രാർത്ഥിക്കേത് എന്തെന്ന് നാം അറിയുന്നില്ലല്ലോ, ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേി പക്ഷവാദം ചെയ്യുന്നു; എന്നാൽ ആത്മാവ് വിശുദ്ധർക്കുവേി ദൈവഹിത പ്രകാരം പക്ഷവാദം ചെയ്യുന്നതുകൊ്, ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.

ആ പ്രസ്താവന പ്രയാസമുള്ളതാണ് എന്നാൽ എന്തുകൊ് അതിനെ എതിർക്കുന്നു?അതിൽനിന്ന് ഉപായത്തിൽ ഒഴിഞ്ഞുമാറുന്നത് എന്തുകൊ്? ആത്മാവ് പക്ഷവാദം ചെയ്യുന്നു. ദൈവത്തിനും മനുഷ്യ ർക്കും മദ്ധ്യേ യേശു എന്ന ഏക മദ്ധ്യസ്ഥൻ മാത്രമാണുള്ളത് (1 തിമൊഥെയൊസ് 2:5). എങ്ങനെയായാലും, ക്രിസ്ത്യാനികൾക്ക് അന്യോന്യം പക്ഷവാദം ചെയ്യുവാൻ കഴിയുമെങ്കിൽ, എന്തുകൊ് ആത്മാവിന് കഴിയുകയില്ല? ആത്മാവിനെ കൂടാതെ ക്രിസ്ത്യാനികൾക്ക് രക്ഷിക്കപ്പെടുവാനും, വിശുദ്ധീകരിക്കപ്പെടുവാനും, ഊർജ്ജ്വസ്വലരാകുവാനും, ഉറപ്പുള്ളവർ ആകുവാനും കഴിയുമെന്ന് വർഷങ്ങൾക്കുമുൻപ് ചിലർ നിരീക്ഷിക്കുകയുായി. എത്ര വേദനാജനകം! യേശു നമുക്കുവേി മദ്ധ്യസ്ഥത ചെയ്യുന്നു. പ്രകടിപ്പിക്കുവാൻ കഴിയുന്നതിനപ്പുറമായി ആത്മാവ് നമുക്കുവേി പക്ഷവാതം ചെയ്യുന്നു. എന്തൊരു ദൈവം! എന്തൊരു രക്ഷകൻ! എന്തൊരു ആത്മാവ്!

### ആത്മനിഷ്ഠമായ അധികാരം

വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ അധികാരമാണ് ക്രിസ്ത്യാനിത്വത്തിൽ അടങ്ങിയിരിക്കുന്നത്. ദൈവത്തിന്റെ വസ്തുനിഷ്ഠമായ അധികാരമാണ് ബൈബിൾ. ദൈവം ഇപ്രകാരം അരുളി ചെയ്യുന്നു. വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുക. എങ്ങനെയായാലും, നാം ആത്മനിഷ്ഠമായവയെ അവഗണിക്കേതിന് വസ്തുനിഷ്ഠമായവക്കു ഊന്നൽ കൊടുക്കുന്നു. മതപരമായ നമ്മുടെ അന്തിമ അധികാരമാണ് ബൈബിൾ. എങ്ങനെയായാലും, ബൈബിൾപരമായ അനേകം മഹത്തായ തത്വങ്ങൾ ആത്മനിഷ്ഠമായവയാണ്. ജ്ഞാനം ആത്മനിഷ്ഠമായതാണ്. ദൈവത്തിന്റെ കരുതൽ ആത്മനിഷ്ഠമായ താണ്. മനസാക്ഷി ആത്മനിഷ്ഠമായതാണ്. വിരോധാഭാസമെന്നു പറയട്ടെ, മൃഗങ്ങളുടെ മുൻപിൽവെച്ച ഭക്ഷണപദാർത്ഥത്തെ സംബന്ധിച്ച് ഒരു ക്രിസ്ത്യാനി മറ്റൊരു ക്രിസ്ത്യാനിയിൽ നിന്ന് വിപരീതമായി തീർന്നേക്കാം. വസ്തുനിഷ്ഠമായതിനെ ആത്മനിഷ്ഠമായതുമായി നാം ഒരിക്കലും കൂട്ടിക്കുഴക്കരുത്. ആത്മനിഷ്ഠമായ അധികാരത്തെ നാം ഒരിക്കലും മനുഷ്യരുടെ അഭിപ്രായം, വ്യാമോഹം, അല്ലെങ്കിൽ തോന്നലുകൾ എന്നിവയുമായി ഇടകലർത്ത

രുത്. ആത്മനിഷ്ഠയുള്ള അധികാരം ഒരു അധികാര*മാണ്* (റോമർ 14:23). ആത്മനിഷ്ഠയുള്ള അധികാരം നമ്മുടെ സ്വാർത്ഥതയല്ല. പക്വത ആത്മനിഷ്ഠമായതാണ്. സ്വഭാവം ആത്മനിഷ്ഠമായതാണ്. ലൗകികത ഒരു നിഷേധമായ ആത്മനിഷ്ഠയാണ്.

ആത്മനിഷ്ഠം ആയതുകൊു, പ്രാർത്ഥനയെ തെളിയിക്കുവാൻ കഴിയുകയില്ല. ജ്ഞാനം തെളിയിക്കുവാൻ സാധ്യമല്ല. വഞ്ചനയുള്ള ആളുകളുടെ ധാർമ്മികമായി തെറ്റായ അവകാശവാദങ്ങളെ സൂക്ഷിക്കുക. ആത്മനിഷ്ഠമായവയെ സൂക്ഷിക്കുക. വഴികാട്ടൽ ആത്മനിഷ്ഠമായതാണ്. ദൈവം ഒരു ബോർഡിൽ നമുക്കുവേ ഉത്തരങ്ങൾ എഴുതികൊുവരികയില്ല. നിത്യമായ തത്വങ്ങളെ ബൈബിൾ പഠിപ്പിക്കുന്നു. സ്വഭാവം നമ്മുടെ മനസ്സിലേക്ക് ഏറ്റവും ഉയർന്ന സാന്മാർഗിക തത്വങ്ങൾ കടത്തിവിടുന്നു. ... പിന്നെ പ്രത്യേകതകൾ നമ്മുടേതാണ്. ദൈവത്തിന് റോബോട്ടുകളെയല്ല മക്കളെയാണ് ആവശ്യം. ദൈവത്തിന് നാം ശിശുക്കളായിരിപ്പാനല്ല പ്രായപൂർത്തിയുള്ളവരാകുവാനാണ് ആഗ്രഹം. നമ്മുടെ ധാരാളം പ്രശ്നങ്ങൾക്കുള്ള ശരിയായ ഉത്തരങ്ങൾ അടങ്ങിയ നിസ്സാരമായ ഒരു നിയമ പുസ്തകമില്ല. നാം ഉത്തരവാദിത്വമുള്ളവരാകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നാം പക്വതയിൽ എത്തുവാനും അവൻ ആഗ്രഹിക്കുന്നു. എങ്ങനെ ജീവിക്കണമെന്ന് ദൈവം നമ്മോടു പറയുന്നു എന്നാൽ പ്രത്യേകമായ പ്രവൃത്തികൾ എങ്ങനെ നടത്തണ മെന്നു പറയുന്നില്ല. ഒരു ക്രിസ്ത്യാനിക്ക് ആവശ്യമുള്ള പങ്കാളി എങ്ങനെ ആയിരിക്കണമെന്ന് ദൈവം പറയുന്നു, എങ്കിലും പേരൊന്നും നൽകിയിട്ടില്ല. ദൈവത്തിന്റെ മനസ്സും ഇഷ്ടവും ഉള്ളവരാകുവാനാണ് നാം ബൈബിൾ പഠിക്കുന്നത്. പ്രയോഗിക്കേതിനുള്ള ജ്ഞാനത്തിനായി നാം പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയിൽ ആത്മാവ് ഉൾപ്പെടുന്നതിനെ സംബന്ധിച്ച് തെറ്റിദ്ധരിക്കപ്പെട്ടതോ പ്രത്യേകമായതോ ആയ യാതൊന്നുമില്ല.

നാം ആത്മാവിൽ ദൈവത്തെ ആരാധിക്കുന്നു (യോഹന്നാൻ 4:23, 24). മനുഷ്യന്റെ ഏറ്റവും ഉയർന്ന കാഴ്ചപ്പാട് മുട്ടിൽനിന്ന് സ്വർഗ്ഗത്തിലേക്ക് എത്തുക എന്നതാണ്! ആത്മാവ്-നിറഞ്ഞ ക്രിസ്ത്യാനിയിൽ നിന്നു മാത്രം വരുന്നതാണ് ആരാധന (എഫെസ്യർ 5:18). ദൈവത്തിന്റെ കരുതലുള്ള കൃപയെ കുറിച്ചുള്ളതും പരിശുദ്ധാത്മാവ് മുഖ്യമായി പ്രവർത്തിക്കുന്നു എന്നു കാണിക്കുന്നതുമായ ഒരു വലിയ അദ്ധ്യായമാണ് റോമർ 8 (മത്തായി 7:11; ലൂക്കൊസ് 11:13 നോക്കുക). ദൈവത്തിന്റെ അനുഗ്രഹങ്ങൾ പകർന്നുകൊടുക്കുന്നത് പരിശുദ്ധാത്മാവാണ്. പ്രാർത്ഥിക്കുവാൻ പ്രയാസം നേരിടുമ്പോൾ, *പ്രയാസത്തോടുകൂടി പ്രാർത്ഥിക്കുക!*

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***